Keraleeyam
Rs. 25/-
2020 June Vol. 21 Issue 6

## മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം

# അലൻ–താഹ കേസ്: ജയിലിൽ നടന്നതെന്തെന്ന് അന്വേഷിക്കുക

അലൻ – താഹ മനുഷ്യാവകാശ സമിതി



മാവോയിസ്റ്റ് പ്രവർത്തകർ എന്ന് മുദ്രകുത്തി കോഴിക്കോട്ടു നിന്നു 2019 നവംബർ ഒന്നിന് അറസ്റ്റ് ചെയ്ത അലൻ ഷുഹൈബ്, താഹ ഫസൽ എന്നീ രണ്ടു വിദ്യാർത്ഥികളുടെ കേസുമായി ബന്ധപ്പെട്ട ചില ഗുരുതരമായ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞങ്ങൾ ഈ കത്ത് എഴുതുന്നത്.

എൻ.ഐ.എ കസ്റ്റഡിയിലുള്ള അലനെ കേസിൽ മാപ്പുസാക്ഷിയാകാൻ നിർബന്ധിക്കുന്നതായും എറണാകുളത്തെ ജയിൽ ഉദ്യോഗസ്ഥർ പലവിധത്തിലുള്ള മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നതായും കോടതിയിൽ അലൻ ഷുഹൈബ് നടത്തിയ വെളിപ്പെടുത്തൽ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നു കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുപേരെയും തൃശൂർ ജയിലിലേക്കുതന്നെ മാറ്റാനും ജയിൽ സൂപ്രണ്ടിനോടു വിശദീകരണം തേടാനും എൻ.ഐ.എ കോടതി ഉത്തരവിടുകയുണ്ടായി. മൂന്നു ദിവസത്തിനകം വിശദീകരണം നൽകണമെന്നായിരുന്നു നിർദ്ദേശം. എന്നാൽ, ജയിൽ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തി, അവരുടെ നിർദേശങ്ങൾ സ്വീകരിക്കാൻ വിസമ്മതിച്ചു തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ച് വിദ്യാർത്ഥികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാനാണ് പൊലീസ് മുതിർന്നത്.

ഈ സംഭവവികാസങ്ങൾ ഉത്കണ്ഠയുളവാക്കുന്നതാണ്. അലനും താഹയ്ക്കുമെതിരായ കേസ് തുടക്കം മുതലേ ഗുരുതരമായ ചില ചോദ്യങ്ങൾ ഉയർത്തിയതാണ്. വ്യാജകേസുകൾ കെട്ടിച്ചമച്ച് യുവരാഷ്ട്രീയ പ്രവർത്തകരെ ഉന്മൂലനം ചെയ്യാനുള്ള ഗൂഢാലോചന അതിലുണ്ടെന്നു ഞങ്ങൾ സംശയിക്കുന്നു. വിദ്യാർത്ഥികൾക്കെതിരായ ആരോപണങ്ങൾ ഗുരുതരമല്ലെന്നും എൻ.ഐ.എ ഏറ്റെടുത്ത കേസ് സംസ്ഥാന പോലീസിന് തിരിച്ചേല്പിക്കണം എന്നും താങ്കൾ തന്നെ കേന്ദ്ര ആഭ്യന്തരമന്ത്രിയോട് ആവശ്യപ്പെട്ടതുമാണല്ലോ.

പലവിധ സമ്മർദ്ദങ്ങൾക്കിടയിൽ നിൽക്കുന്ന ഈ വിചാരണത്തടവുകാരെ കൂടുതൽ സമ്മർദ്ദങ്ങൾക്കു വിധേയരാക്കാൻ ജയിൽ അധികാരികൾ കൂട്ടുനിന്നു എന്നതു ഗൗരവത്തോടെ പരിശോധിക്കപ്പെടണം. ആറു മാസത്തിലേറെ മറ്റു ജയിലുകളിൽ കഴിയുമ്പോഴൊന്നും അലനെയും താഹയെയും കുറിച്ച് ഒരു തരത്തിലുള്ള പരാതിയും ഉയർന്നിട്ടില്ല. അതിനാൽ എറണാകുളം ജയിലിൽ മാത്രം എന്താണു സംഭവിച്ചതെന്നതിൽ പൊതുസമൂഹത്തിനും ഉത്കണ്ഠയുണ്ട്. കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജയിലിൽ തടവുകാരുടെ അവകാശങ്ങൾ ലംഘിക്കുന്ന അവസ്ഥ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അനുവദിക്കാൻ പാടില്ല.

ഈ സാഹചര്യത്തിൽ ഞങ്ങൾ താഴെ പറയുന്ന ആവശ്യങ്ങൾ കേരള സർക്കാരിന്റെ മുന്നിൽ ഉന്നയിക്കുകയാണ്: ഒന്ന്, ഏഴുമാസമായി വിചാരണത്തടവുകാരായി ജയിലിൽ കഴിയുന്ന രണ്ടു വിദ്യാർത്ഥികൾക്കും ജാമ്യം അനുവദിക്കാൻ സർക്കാർ മുൻകയ്യെടുക്കുക.

രണ്ട്, ജയിലിൽ മാനസിക സമ്മർദ്ദമുണ്ടായി എന്ന ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുക; എറണാകുളം പോലീസ് വിദ്യാർത്ഥികൾക്കെതിരെ ചാർജ് ചെയ്ത കേസ് റദ്ദാക്കുക.

മൂന്ന്, ഈ കേസിൽ തുടക്കം മുതലുണ്ടായ നടപടികൾ സംബന്ധിച്ച് സ്വതന്ത്രമായ അന്വേഷണം നടത്തുക. യു.എ.പി.എ കേസുകളിൽ എൽഡിഎഫ് സർക്കാർ സ്വീകരിച്ച കരുതലോടെയുള്ള സമീപനം ഈ രണ്ടു വിദ്യാർത്ഥികളുടെ കാര്യത്തിൽ എന്തുകൊണ്ട് ഉണ്ടായില്ല എന്നു പരിശോധിക്കുക.

ഈ വിഷയത്തിൽ താങ്കളുടെ സത്വര ശ്രദ്ധയും അടിയന്തിര നടപടിയും അഭ്യർത്ഥിക്കുന്നു.■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com